AFF NEWS LETTER

# ALUNKAL FAMILY FELLOWSHIP
## KANDANAD

(For private circulation among the members only)
(Reg. No. ER 184/08)
Vol. 7, No. 1 Website: www.alunkal.com Email: info@alunkal.com MARCH 2015



**The Holy Father with our Patron**

*Presidential column:*

**The Apostolic Pastoral Visit**

The Apostolic visit of Moran Mor Ignatius Aphrem II, the Patriarch of Antioch & All the East, to the God's Own Country of Malankara on February 7th, 2015 provided a divine opportunity for the faithful laity of Jacobite Syrian Church to have a glimpse of glory and peace on earth. Members of our Fellowship were specially privileged to be in a saintly space with the Holy Father of the Church during his visit to the St. George Cathedral and Diocesan Center at Kadakkanad, Kerala, the head quarters of our Patron, H.G. Dr. Mathews Mor Evanious on 12th February 2015. On that occasion, we also nostalgically recalled the founder of our Fellowship, late Mr. A. M. Thomas, former Minister of Indian Union, who escorted the Fathers of our Church, late. Moran Mor Ignatius Yakub III in 1964 and Moran Mor Ignatius Zaka I in 1982, during their pastoral visits to our country.

Some of us also had the rare privilege to witness three apostolic pastoral visits, including that of the present incumbent to the throne of St Peter. We can honestly vouch for the phenomenon that the passion, love and enthusiasm exhibited by the laity in Malankara grow exponentially with time, clearly showing that the Antioch- Malankara bond is everlasting. Nobody can look askance to this phenomenon, based on **fundamental faith**. The throne of St. Peter in Antioch is not only a matter of belief for the laity in Malankara, but also an organic bond etched in the heritable code of Jacobite Syrian Christians. Therefore, this link is inerasable for all times.

We, the members of Alunkal Family Fellowship, humbly submit unflinching obeisance to the legacy of Antioch and beseech blessings from the throne for us, our progeny and the departed souls of our family.

Dr. A.C. Paul

**ശ്ലൈഹിക സന്ദർശനം**

പ. അന്ത്യോഖ്യാ പാത്രിയർക്കീസ്സ് മോറാൻ മോർ ഇഗ്നാത്തിയോസ്സ് അപ്രേം ദ്വിതീയൻ ബാവയുടെ ഫെബ്രുവരി 7, 2015ലെ മലങ്കര സന്ദർശനം യാക്കോബായ സുറിയാനി കൃസ്ത്യൻ സഭാവിശ്വാസികൾക്ക് ദൈവ മാഹാത്മ്യവും, ഭൂമിയിൽ സമാധാനവും ദർശിക്കുന്നതിനു ലഭിച്ച അസുലഭ അവസരമായിരുന്നു. നമ്മുടെ ഫെല്ലോഷിപ്പിന്റെ അംഗങ്ങൾക്ക് തങ്ങളുടെ വലിയ ഇടയനെ നേരിൽ ദർശിക്കുവാനും, അനുഗ്രഹം പ്രാപിക്കുവാനും, നേർച്ച, കാഴ്ചകൾ സമർപ്പിക്കുവാനും ഭാഗ്യം ലഭിച്ചത് ഫെബ്രുവരി 12ന് നമ്മുടെ പേട്രൺ അഭിവന്ദ്യ മാത്യൂസ്സ് മോർ ഇവാനിയോസ് തിരുമേനിയുടെ ആസ്ഥാന സമുച്ചയത്തിലെ വി: സെന്റ് ജോർജ്ജ് കത്തീഡ്രൽ ദേവാലയത്തിൽ വച്ചായിരുന്നു. വർഷങ്ങൾക്കു മുൻപ് മോറാൻ മോർ യാക്കോബ് തൃതീയൻ ബാവായെ 1964ലും, മോറാൻ മോർ സാഖാ പ്രഥമൻ ബാവായെ 1982ലും തങ്ങളുടെ ഭാരത സന്ദർശന വേളയിൽ അനുഗമിച്ച കേന്ദ്രമന്ത്രിയായിരുന്ന ശ്രീ ഏ. എം. തോമസ് അവർകളെ



The Holy Father blessing our family members

ഈ അവസരത്തിൽ നമ്മൾ ഗൃഹാതുരതയോടെ ഓർമ്മിക്കുന്നു.

കർതൃ ശിഷ്യനായ പ: പത്രോസ്സ് ശ്ലീഹായുടെ പിൻതുടർച്ചക്കാരായ മൂന്നു പിതാക്കൻമാരുടെ മലങ്കര സന്ദർശനം ദർശിക്കുവാൻ നമ്മിൽ ചിലർക്കെല്ലാം ദൈവകൃപയാൽ അവസരം ലഭിച്ചിട്ടുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ മലങ്കരയുടെ മക്കൾ പ: സിംഹാസനത്തോട് പ്രകടമാക്കുന്ന വിശ്വാസ തീഷ്ണത പതിൻമടങ്ങുവിധം വർദ്ധിച്ചുവരുന്നതായി നമുക്ക് സാക്ഷ്യപ്പെടുത്തുവാൻ കഴിയും.

അന്ത്യോഖ്യാ സിംഹാസനം എന്നത് മലങ്കരയുടെ മക്കൾക്ക് ഒരു വിശ്വാസം മാത്രമല്ല പാരമ്പര്യജന്യമായ ഒരു ജീവൽഘടകം കൂടിയാണ്. അതുകൊണ്ടുതന്നെ ഇത് മൗലികവും വേർതിരിക്കാൻ ആവാത്തതും ആണ്.

## Brief report on the Annual Day celebrations

The 15th Annual Day celebrations of the Fellowship on 25th January 2015 at Kandanad was marked by rare bonhomie of the young and old of the family in an atmosphere of kinship and reminiscence. Groups of families started assembling at the meeting venue, the Sacralla Mor Baselious center at Kandanad from 11 am onwards. Children's sports events were the first item, followed by that of veterans. The enthusiasm of the participants, vying for merit placement, surpassed all familial priorities and was based only on competitive spirit.

The Family get-together, that followed the sporting events, provided the much needed break for restoring not only the lost calories but also the right ambience for spicing up the family relations with nostalgic memories. In fact, time stood still in the midst of the bonhomie and it was difficult for the organizers and the participants to break-up for the formal meeting of the day.

Cultural programmes enacted on the stage had the spontaneity, marked by a mix of professionalism and amateurism. Children and elders participated in different events such as songs and dances with gay abandon. Some of these items had sparks of rare skill, revealing that our family has a pool of potential talents, who are capable of competing with the professionals in respective fields.

After lighting of the traditional lamp by our Patron H.G. Dr. Mathews Mor Evanious, the meeting started at 2.30 pm. Thirumeni paid glowing tributes to the activities of our Fellowship, rating AFF as the best performing Family Fellowship at Kandanad. Adv. K.A. Prakash rendered the welcome speech in which he stressed on the need to protect and preserve the ancestral values in our life and in our mother Cathedral at Kandanad. Dr. A.C. Paul, president AFF, thanked the family members for whole hearted support to the organization. On the occasion he chose to articulate on environmental protection in the wake of global warming (see Topical Feature). Mrs. Lilly Varghese, General Secretary, presented the annual progress report and Mr. Paul Mathew, Treasurer, presented the audited Income/ expenditure report for 2014. The reports were unanimously approved by the General Body.

Shri P. George Peter rendered the 10th A.M.Thomas Memorial lecture, highlighting the statesman like approach and personal integrity of our founder leader. (See details in Malayalam). Mr. K.V. Mohandas, spoke on the contribution of Mrs Saramma Kurian in chronicling the traditional family relations, which helped in preparing our family history. He also paid homage to our departed founders, late Mr. A.C.Kunkunju and Mrs. Lovely Paul, in his speech.

The Family Meet felicitated Mr. M.C. Thambi (USA), who attained 80 years. His distinguished personal profile was presented in the meeting by Dr. Suresh Mathew. Mr. Thambi was presented with a citation, *in absentia,* which was received by Achappulla Ammai- the eldest member of the family. AFF wishes Mr. Thambi good health and happiness.

Newly wedded couples of the family were introduced to the audience by Mr. Elias Abraham. They were warmly felicitated by the august audience.

Mr. James Thomas served as the Election Officer for the Office Bearers, 2015. The General Body unanimously recommended the incumbent team for another term, with the addition of Mrs. Sheeba Saji to the Committee. Vote of thanks was proposed by Mr. A.B. Sherin, Secretary Programmes.

Eight educational scholarships & prizes and Medical endowment, instituted in the names of the departed Rev. Fr. A.V. Abraham, Mrs.

Saramma Kurian, Mr. A.A. Avira, Mr. A.I. Kurian, Mrs. Kunjamma Abraham, Mrs. Saramma Varghese, Mrs. Lovely Paul and Mr. A.V. Mathai, were distributed. All winners of sports events and participants of cultural programme were given prizes. This was followed by luck-dip sponsored in names of late Mr. A.C. Kunjukunju and Mr. A.C. Baby.

The Family Meet was declared closed at 6 pm and was followed by the first sitting of the Executive Committee in the same venue.

### വാർഷികാഘോഷം ഒരു അവലോകനം

സാനുബാ കുര്യൻ

ആലുങ്കൽ ഫാമിലി ഫെല്ലോഷിപ്പിന്റെ 15–ാമത് വാർഷികവും കുടുംബ സംഗമവും 2015 ജനുവരി 25–ാം തീയതി കണ്ടനാട് മോർ ശക്രള്ള ബസ്സേലിയോസ് സെന്ററിൽ വച്ച് സമുചിതമായി ആഘോഷിച്ചു. പുതിയ ചില കുടുംബാംഗങ്ങൾകൂടെ പങ്കെടുത്തു എന്നത് ഏറെ സന്തോഷകരവും സ്വാഗതാർഹവുംതന്നെ.

കുഞ്ഞുങ്ങളുടെ പ്രാർത്ഥനാ ഗാനാലാപനത്തോടെ ആരംഭിച്ച പൊതുചടങ്ങ് അഭിവന്ദ്യ തിരുമേനിയുടെ ഉൽഘാടനത്തോടെ ഏറെ ശ്രദ്ധേയമായി അഡ്വ. കെ.എ. പ്രകാശ് സദസ്സിന് സ്വാഗതം ആശംസിച്ചു. നമ്മുടെ ദേവാലയത്തിന്റെ പൈതൃകമൂല്യം നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത അദ്ദേഹം തന്റെ പ്രസംഗത്തിൽ എടുത്തുപറഞ്ഞു.

തിരുമേനി തന്റെ അനുഗ്രഹ പ്രഭാഷണത്തിൽ നമ്മുടെ ഫെല്ലോഷിപ്പിനെക്കുറിച്ച് പലവേദികളിലും താൻ സംസാരിക്കാറുണ്ടെന്നും, വളരെ അച്ചടക്കത്തോടും ത്യാഗമനസ്ഥിതിയോടും, കൃത്യനിഷ്ടയോടും മുന്നോട്ടുപോകുന്ന നമ്മുടെ സംഘടന മറ്റുള്ളവർക്ക് അനുകരിക്കാവുന്നതാണെന്നും പറഞ്ഞത് സദസ്സ് കരഘോഷങ്ങളോടെയാണ് ഏറ്റുവാങ്ങിയത്. തിരുമേനി വേദി വിടുന്നതിനുമുൻപായി സദസ്സ്യർ എല്ലാവരും എഴുന്നേറ്റ് നിന്ന് കരഘോഷത്തോടെ അദ്ദേഹത്തിന് 60–ാം പിറന്നാൾ ആശംസകൾ അർപ്പിച്ചു.

Dr. എ.സി. പോൾ അദ്ധ്യക്ഷ പ്രസംഗത്തിൽ തന്റെ സഹപ്രവർത്തകരുടെ കഠിനാദ്ധ്വാനത്തെയും അർപ്പണമനോഭാവത്തേയും പ്രകീർത്തിച്ചു. ഓരോ കുടംബത്തിനും ഒരു കുടുംബ വൃക്ഷം എന്ന ആശയം അദ്ദേഹം സദസ്സിൽ അവതരിപ്പിക്കുകയും ശ്രീ എൽദോവിനോയ് കമ്പ്യൂട്ടറിൽ രൂപപ്പെടുത്തിയ കുടുംബ വൃക്ഷത്തിന്റെ മോഡൽ സദസ്സിൽ അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് ആഗോള താപനം ഉയർത്തുന്ന പരിസ്ഥിതിവ്യതിയാനത്തെ കുറിച്ച് ഹ്രസ്വമായി വിശദീകരിക്കുകയും ചെയ്തു.

ശ്രീ ജോർജ്ജ് പീറ്റർ പട്ടശ്ശേരിൽ എ. എം. തോമസ് അനുസ്മരണചടങ്ങിൽ ആലുങ്കൽ കുടുംബവുമായും പ്രത്യേകിച്ച് "അപ്പച്ച"നുമായുള്ള തന്റെ വൈകാരിക ബന്ധം ഊന്നിപറയുകയും കുടുംബയോഗത്തിന് എല്ലാ ആശംസകൾ നേരുകയും ചെയ്തു.

ശ്രീ മോഹൻദാസ് കാട്ടേഴത്ത്, ആലുങ്കൽ കുടുംബം തന്റെ ബാല്യകാലത്ത് എപ്രകാരം സ്വാധീനിച്ചിരുന്നെന്നും മാതൃഭവനത്തിലേയ്ക്കുള്ള തന്റെ ഓരോവരവും അവിസ്മരണീയമായിരുന്നെന്നും ഈ കുടുംബയോഗത്തിന്റെ ഒരു ഭാഗമാകാൻ കഴിഞ്ഞതിൽ ഏറെ സന്തോഷമുണ്ടെന്നും പറഞ്ഞു.

നമ്മിൽനിന്നും വാങ്ങിപോയവരെ സ്മരിച്ചുകൊണ്ട് ശ്രദ്ധാഞ്ജലി അർപ്പിച്ചു പ്രാർത്ഥിച്ചു. പ്രവർത്തന റിപ്പോർട്ടും വരവുചിലവുകണക്കുകളും വായിച്ചു പാസ്സാക്കി. നവവധൂവരന്മാരെ കുടുംബാംഗങ്ങൾക്ക് പരിചയപ്പെടുത്തി. കുട്ടികൾ ഒരുക്കിയ കലാവിരുന്ന് നയനമനോഹരമായിരുന്നു. ഏറെ വീറോടും വാശിയോടും പ്രായഭേദമെന്യേ കുടുംബാംഗങ്ങൾ പങ്കെടുത്ത കായിക മത്സരങ്ങൾ അക്ഷരാർത്ഥത്തിൽ അതിന്റെ സ്പിരിറ്റ് നിലനിർത്തി. അർഹരായവർക്കെല്ലാം സമ്മാനങ്ങൾ നൽകി

വിവിധ സ്കോളർഷിപ്പുകൾ, വൈദ്യസഹായ ഫണ്ട് എന്നിവ വിതരണം ചെയ്തു. കലാമേളയിൽ പങ്കെടുത്ത എല്ലാ കുട്ടികൾക്കും സമ്മാനങ്ങൾ നൽകി. കൃതജ്ഞതയോടെ യോഗം ഏകദേശം 6 മണിയ്ക്ക് പര്യവസാനിച്ചു.

*Topical feature:*

## Global warming & climate change

(Brief on the presidential address of Dr. A.C. Paul)

Our Fellowship has entered the 20th year of its successful growth. On this occasion, I submit my obeisance to the departed founders and appreciate the dedicated work by my colleagues in making this organization a vibrant and proud entity of the family. The support that we received from the family members has been amazing- to say the least. We have now set an ambitious growth plan for the future and I am sure we will be able achieve the goals with your continued support. I take this occasion to highlight a globally important subject that has direct bearing on our daily lives.

Our earth is under the threat of becoming an inhospitable terrain due to atmospheric warming and adverse climatic changes. We are already witnessing loss of human life, migration and resettlement due to unfavorable weather in many parts of the world. This problem is likely to accentuate in future as hostile climatic conditions are poised to accelerate. It is time that we take a serious note of this looming human tragedy- a recast of "Sodom-Gomorrah", in the offing.

The chief cause of global warming is the increasing use of fossil fuels such as coal and petroleum products. Unbridled use of plastic materials, in our daily needs, further compounds this problem. I am sure we, the members of Alunkal family, are nature lovers and frugal in our life-styles. We should strongly showcase this positive attitude to nature so as to create a special penchant in the society for environment friendly and sustainable life-styles.

Wish you all a very happy, safe and successful 2015.

## എ. എം. തോമസ് അനുസ്മരണം.

പി. ജോർജ്ജ് പീറ്റർ പട്ടശ്ശേരിൽ

ആലുങ്കൽ ഫാമിലി ഫെല്ലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന എ.എം. തോമസ് അനുസ്മരണ പ്രഭാഷണ പരമ്പരയിൽ രാഷ്ട്രീയ സുഹൃത്തുക്കളും സാമൂഹ്യ പ്രവർത്തകരും ബന്ധുമിത്രാദികളും ഉൾപ്പടെ പല മാന്യ വ്യക്തികളും എനിക്കുമുമ്പ് ഇവിടെ സംസാരിച്ചിട്ടുണ്ട്. ഓരോരുത്തരും അവരവരുടേതായ വീക്ഷണ കോണുകളിൽ നിന്നാണ് ആ കൃത്യം നിർവ്വഹിച്ചിരുന്നത്.

എന്റെ ഭാര്യയായ ശാന്തയുടെ അപ്പച്ചനെ ഞാൻ ആദ്യമായികണ്ടത് എന്റെ കൊച്ചപ്പൻ Rev. Dn. സ്ലീബയുടെയും (Very Rev. Fr. Sleeba' Cor Episcopa) തോമസ് അങ്കിളിന്റെ സഹോദരി ഏലിശുബായുടെയും വിവാഹവേളയിലായിരുന്നു. അദ്ദേഹം അന്ന് എന്റെ പിതാവിന്റെ വ്യാപര സംബന്ധമായ കാര്യങ്ങളുടെ നിയമോപദേഷ്ടാവും ആയിരുന്നു. എന്റെ വിദ്യാഭ്യാസം മദിരാശിയിൽ തുടരുവാൻ ഞാൻ ആഗ്രഹിച്ചു. ഇതിനുസമ്മതം കിട്ടാനായി ആരക്കുന്നത്തെ കൊച്ചപ്പന് എന്റെ പിതാവിലുള്ള സ്വാധീനം ഉപയോഗിക്കണം. അന്ന് കൊച്ചപ്പൻ കണിയാവള്ളിയിൽ ഉണ്ടന്നറിഞ്ഞ് അവിടെ ചെന്നതായിരുന്നു. അപ്പച്ചൻ അന്ന് കണിയാവള്ളിയിലെ തന്റെ അപ്പന് സുഖമില്ലാതിരുന്നതിനാൽ അവിടെ ഉണ്ടായിരുന്നു. അപ്പനെ ശുശ്രൂഷിക്കുകയായിരുന്നു. ആ കാലഘട്ടങ്ങളിൽ വളരെ തിരക്കുള്ള രാഷ്ട്രീയക്കാരനായിരുന്ന അപ്പച്ചനെ കണ്ട വിവരം എന്റെ മറ്റൊരു കൊച്ചപ്പനായ കുഞ്ഞുവർക്കിപ്പിള്ള കൊച്ചപ്പനോടുപറഞ്ഞു. വളരെ ദൈവ ഭക്തനായിരുന്ന ആ കൊച്ചപ്പൻ പറഞ്ഞത് തോമസിന്റെ ഉയർച്ചക്കുള്ള കാരണം കാരണവൻമാരുടെ അനുഗ്രഹമാണെന്നാണ്. അതായിരുന്നു അദ്ദേഹത്തിന്റെ വിലയിരുത്തൽ.

1960 മാർച്ച് മാസത്തിൽ എന്റെ പിതാവിന്റെ ഓർമ്മദിനം ആചരിക്കുന്ന ദിവസമാണ് എന്റെയും തന്റെ രണ്ടാമത്തെ മകളായ ശാന്തയുടെയും കല്യാണനിശ്ചയചടങ്ങിനായി അപ്പച്ചൻ തൃപ്പൂണിത്തുറയിൽ വന്നത്. അന്ന് ആരകുന്നത്തെ കൊച്ചപ്പൻ പറഞ്ഞത് ഇന്നും ഞാനോർക്കുന്നു. "നിനക്ക് അപ്പച്ചൻ നഷ്ടപ്പെട്ടതിനു പകരം ഇന്ന് അപ്പച്ചനെ കിട്ടിയിരിക്കുന്നു."

അപ്പച്ചൻ ശാന്തയ്ക്കും എനിയ്ക്കുമായി ഒരുകത്തയച്ചത് ഞാൻ ഇപ്പോഴും ഓർക്കുന്നു. അതിൽ പ്രധാനമായി പറഞ്ഞിരുന്ന ശാന്തയ്ക്കുള്ള ഉപദേശം ഇതായിരുന്നു "ഭർതൃഗൃഹത്തിലുള്ളവരുമായുള്ള നല്ല ബന്ധം കുടുംബ ജീവിതത്തിനു മാറ്റുകൂട്ടുമെന്നായിരുന്നു." ആ ഉപദേശം പരോക്ഷമായി എന്നോടും കൂടിയുള്ളതായിരുന്നു. അപ്പച്ചന് ഇതുപോലെ പറയാതെ പറയുന്ന ഒരു സവിശേഷ കഴിവുണ്ടായിരുന്നു. ശാന്തയുടെ അനുജത്തി സൂസിയുടെ ഭർത്താവ്

മാത്യൂസ് അച്ചൻ പറയുന്ന ഒരു കാര്യമുണ്ടായിരുന്നു. അപ്പച്ചൻ ഒരു ഘട്ടത്തിലും ക്ഷോഭിക്കാറില്ല. അത് അപ്പച്ചന്റെ ജീവിതവിജയത്തിന്റെ മുഖ്യ കാരണമാണ്. ക്ഷോഭിക്കുന്ന ഏതൊരാളും സ്വയം മറന്ന് വികാരാധീനനായി വിവേകരഹിതമായി പ്രവർത്തിക്കും.

1982ലെ പ്രധാനമായ ഒരു സംഭവം ഞാൻ ഓർക്കുന്നു. കണ്ടനാട് പള്ളിയിൽ അമ്മയുടെ ശവസംസ്ക്കാരചടങ്ങ്. അനേകം ആൾക്കാർ സന്നിഹിതരായിട്ടുണ്ട്. അതിൽ ഏറ്റവും അടുത്ത സുഹൃത്തുക്കളും ഉണ്ട്. അതിൽ അപ്പച്ചന്റെ ഒരു ആത്മമിത്രം വളരെ പ്രതികൂലമായ നിലപാട് എടുക്കുകയും ശവസംസ്ക്കാര ചടങ്ങുകൾക്ക് ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്തു. അത് ഞങ്ങളെ വളരെ വേദനിപ്പിച്ചു. അപ്പച്ചന്റെ കാര്യം പറയേണ്ടതില്ലല്ലോ. നാൽപതടിയന്തിരത്തിന് ക്ഷണകത്തുകൾ അയയ്ക്കുകയാണ്. ഓരോരുത്തരുടെയും ലിസ്റ്റുതയ്യാറാക്കുകയാണ്. സംസ്ക്കാരചടങ്ങ് ബുദ്ധിമുട്ടിലാക്കിയ വ്യക്തിയെ ക്ഷണിതാക്കളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തേണ്ടതെന്ന് ഞാൻ നിർബന്ധമായി പറഞ്ഞു. എന്നാൽ ആ വ്യക്തിയെ പ്രത്യേകമായി ക്ഷണിക്കുകയും പള്ളിയിൽ ഉണ്ടായ സംഭവത്തിൽ അദ്ദേഹത്തിന്റെ നിലപാട് ഒരുസംസാരവിഷയമാക്കാതിരിക്കുകയും ചെയ്തു. ഒരു സാധാരണവ്യക്തിയ്ക്ക് ഇത് അസാദ്ധ്യമാണ്. മിത്രങ്ങളെ നഷ്ടപ്പെടുത്താതെ വളരെ കരുതലോടെ പെരുമാറിയിരുന്ന അപ്പച്ചന്റെ വ്യക്തിജീവിതവും പ്രവൃത്തി മണ്ഡലവും ഒരുപോലെ സംശുദ്ധമായിരുന്നു.

അപ്പച്ചന്റെ 'live and help others to live' എന്ന ഉൽകൃഷ്ടമായ ചിന്താഗതിയുള്ള വ്യക്തികൾ ഒരു കുടുംബത്തിൽ ഉണ്ടാകുന്നത് മാതാപിതാക്കളുടെയും പൊതുവിൽ കുടുംബത്തിന്റെയും ഭാഗ്യമാണ്. മനുഷ്യരാശി വംശനാശം സംഭവിക്കാതെയും സംസ്ക്കാരശൂന്യരാകാതേയും വളരുന്നതിന്റെ പലകാരണങ്ങളിൽ ഒന്ന് തീർച്ചയായും ഇതുതന്നെയാണ്.

***Felicitation:***

**Mr. M.C. Thambi (USA)**

- Dr. Suresh Mathew

Mr. Thambi belongs to Mookencherry family of Tripunithura, born as one of the twins to Mr. M.V. Cherian and Smt. Sara Manayida. He lived in Mattancherry where his father was a lawyer, until going to USA in 1957. After completing his BA degree at St. Albert's college, Ernakulam, Thambi went to Chicago for higher studies in 1958. During those days, ship was the only affordable transportation available. He still remembers how sea sick he was and how much he hated the American food in the ship during the 30 day journey.

Soon after finishing school in 1962, he started working at Littell International Company in Chicago itself. In 1965 the company sent him on a 9 week business trip to India, and that was when he got married to Valsa, the eldest daughter of Prof. A.O. Mathai and Martha. (Thambi-Valsa couple is celebrating their $50^{th}$ wedding anniversary this year). Mr. Thambi retired from Littell International in 1998 after 36 years of service. Thambi and Valsa occasionally visits native place. They specially attended the Annual Meet of AFF in 2010 when AFF conducted a special seminar on late Prof. A.O. Mathai.

Thambi – Valsa couple have two sons, Paul and Mathew and 6 grand children. After Valsa's retirement in 2014, the family spends the winter months (December - April) in Florida to get away from the cold weather in Chicago. They are leading a leisurely retired life in US and enjoying quality time having fun with their grand children aged 4 to 12. Mr. Thambi sends his special appreciation to AFF for honoring him at the family meeting.

**Family Awareness Meet September 2015**


**ശ്രീ എ.എ. അവിര (1908–1995)**

**അനുസ്മരണം**

ആലുങ്കൽ എ.വി. അബ്രഹാം കത്തനാരുടെയും ശ്രീമതി അച്ചയുടെയും പുത്രനായി 1908 ജനുവരി 26ന് ജനിച്ചു. വിദ്യാഭ്യാസം മുളന്തുരുത്തി ഹൈസ്കൂളിലായിരുന്നു. ഇൻഡസ്ട്രിയൽ ബാങ്ക് മുളന്തുരുത്തിയിലും, കാരപ്പറമ്പ് കയർ ഫാക്ടറിയിലും ജോലി ചെയ്തു. അദ്ദേഹം കണ്ടനാട് പള്ളിയിൽ ട്രസ്റ്റിയായിരുന്നിട്ടുണ്ട്. ആ കാലഘട്ടത്തിലാണ് പള്ളിയിൽ ഇലക്ട്രിഫിക്കേഷൻ നടന്നത്. കണ്ടനാട് സൺഡേസ്കൂളിൽ അദ്ദേഹം നിരവധികാലം അദ്ധ്യാപകനായി സേവനമനുഷ്ടിച്ചിട്ടുണ്ട്. പ്രായമാകുന്നതുവരെ അദ്ദേഹത്തിന്റെ എല്ലാ യാത്രയും സൈക്കിളിൽ ആയിരുന്നു. വാർദ്ധക്യകാലം മുളന്തുരുത്തിയിൽ മകൻ

ചാക്കോച്ചൻ അവർകളുടെ വീട്ടിലായിരുന്നു. അവിടെവച്ചാണ് പരിശുദ്ധ കാതോലിക്കാ ബാവ യുടെയും 12 അച്ചൻമാരുടെയും സാന്നിദ്ധ്യ ത്തിൽ തൈലാഭിഷേകം നടത്തിയത്. 1995 സെപ്തംബർ 21–ാം തീയതി 87–ാമത്തെ വയ സ്സിൽ അദ്ദേഹം നിര്യാതനായി. പള്ളിക്കര കോച്ചേരിൽ ജോർജ്ജ് അച്ചന്റെ മകൾ ശോശാമ്മയായിരുന്നു അദ്ദേഹത്തിന്റെ സഹധർ മ്മിണി. മക്കൾ : ഡീക്കൺ അബ്രഹാം (USA), ചാക്കോച്ചൻ, അവിര വർഗീസ്, സാലി ആന്റണി എന്നിവർ. മരുമക്കൾ അന്നമ്മ അബ്രഹാം, ലളിതാ ചാക്കോ, ലില്ലി വർഗ്ഗീസ്, ആന്റണി.

## Memorial Homage to Rev. Fr. A.V. Abraham



64th death anniversary 11.03.2015

100th death anniversary

## Rev. Fr. Abraham Itteera

(1846 – 1915)

ആലുങ്കൽ കുടുംബത്തിലെ പൂർവ്വ പിതാവ് താഴത്ത് ശ്രീ ഇട്ടീര ഉപ്പാപ്പന്റെയും പൈനാട ത്ത് ശ്രീമതി അന്നമ്മയുടെയും മൂന്നാമത്തെ പുത്രനായി അബ്രഹാം ജനിച്ചു. ചെറുപ്പത്തിലെ തന്നെ ആത്മീയ കാര്യങ്ങളിൽ ഉത്സുകനായിരു ന്ന അബ്രഹാം മാതൃദേവാലയമായ കണ്ടനാട് വി: മർത്തമറിയം പള്ളിയിൽ ശുശ്രൂഷകനായി സേവനം അനുഷ്ഠിക്കുകയും തുടർന്ന് കത്ത നാർപട്ടം സ്വീകരിച്ച് വിശുദ്ധ ദേവാലയത്തിൽ ത്തന്നെ വികാരിയായി തുടരുകയും ചെയ്തു.

ബ. അച്ചനും കുടുംബവും പള്ളിയോടുചേർന്നു ള്ള ഒരു തുരുത്തിലായിരുന്നു താമസിച്ചിരുന്ന ത്. മഴക്കാലങ്ങളിൽ ഈ തുരുത്ത് വെള്ളത്താൽ ചുറ്റപ്പെട്ടുകിടക്കുന്നതു കൊണ്ട് ചെമ്പുപാത്ര ങ്ങളിൽ കയറി തുഴഞ്ഞാണ് അദ്ദേഹം പള്ളി യിൽ ശുശ്രൂഷകൾക്ക് പോയിരുന്നത്. ഏക ദേശം 50 വർഷത്തെ ആത്മീയ ദൗത്യത്തിനു ശേഷം 1915ൽ അദ്ദേഹം ദൈവ സന്നിധിയിലേ ക്ക് എടുക്കപ്പെട്ടു. ഭൗതീകശരീരം പള്ളിയോടു ചേർന്ന് വടക്കുവശത്ത് പട്ടക്കാരുടെ നിരയിൽ അടക്കം ചെയ്തു.

കിളിത്താറ്റിൽ അന്നമ്മയാണ് അദ്ദേഹത്തിന്റെ ഭാര്യ. ഇട്ടീര ഏക മകനാണ്. ബ. അച്ചന്റെ **100–ാം ചരമ വാർഷികം 2015 ഓഗസ്റ്റ് മാസ** ത്തിലാണെന്ന് എല്ലാ കുടുംബാഗങ്ങളേയും കാലേകൂട്ടി അറിയിയ്ക്കുകയും അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി പ്രത്യേകം പ്രാർത്ഥിക്കണ മെന്ന് ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

## OBITUARY

### ശ്രീ ഇ. വി. മത്തായി

(തയ്യാറാക്കിയത് ശ്രീമതി ലില്ലി വർഗീസ്)



ചെത്തിക്കോട് ഇടമറ്റത്തിൽ വർക്കിയുടെയും അന്നമ്മയുടെയും മകനായ ശ്രീ ഇ. വി. മത്തായി 82–ാമത്തെ വയസ്സിൽ 18.1.2014ൽ നിര്യാതനായി. കാലടി പ്ലാന്റേഷൻ കോർപ്പറേഷനിൽ സീനി യർ സൂപ്രണ്ടായിരുന്നു. റിട്ടയർമെന്റിനുശേഷം വിശ്രമ ജീവിതമായിരുന്നു. AFFന്റെ പ്രവർത്ത കസമിതിയോഗങ്ങൾക്ക് അദ്ദേഹം തന്റെ ഭവന ത്തിൽ ആഥിത്വം നൽകിയിട്ടുണ്ട്. അദ്ദേഹ ത്തിന്റെ ഭാര്യ സാറാമ്മ. ഈ ദമ്പതികൾക്ക് 3 പെൺമക്കൾ. അനിത, സുനിത, സബിത. ഇളയ മകളായ സബിതയോടും ഭർത്താവ് ഷെറി നോടുമൊപ്പമായിരുന്നു താമസം. അദ്ദേഹത്തിന്റെ നിര്യാണത്തിൽ AFF അഗാധമായ ദു:ഖം രേഖ പ്പെടുത്തുകയും ആത്മാവിന് നിത്യശാന്തിനേരു കയും ചെയ്യുന്നു.

## AFF DIARY

Our Patron Member, Rev. Dn. Abraham A. Alunkal, built a new house at Portland, USA. Rev. Deacon and Mrs. Annamma Abraham, along with their family and friends conducted the House warming ceremony. Their New address: 12830 SE MILL Street Portland OR 97233 USA (Phone 5032520724)

AFF wishes the family peace and prosperity in their new abode.

(Family news will be continued in the next edition).